ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.03.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യയുടെ ഏറ്റവും വലിയ ശക്തി യുവജനങ്ങളാണെന്നും രാജ്യത്തിന്റെ വളർച്ചയെ നിർണ്ണയിക്കുന്നത് യുവാക്കളുടെ ശക്തിയും ഊർജ്ജവുമാണെന്നും ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ.

   **Youth are India's greatest strength; Their Power and Energy Determine Country's growth, says Vice President C.P Radhakrishnan.**

2. ആദായനികുതി നിയമം 2026 നുള്ള വിജ്ഞാപനം പുറത്തിറക്കി കേന്ദ്ര സർക്കാർ. നിയമം അടുത്ത മാസം ഒന്ന് മുതൽ പ്രാബല്യത്തിൽ.

   **Central Government issues notification for Income Tax Act 2026; Law comes into effect from first of next month.**

3. പശ്ചിമേഷ്യയിൽ യുദ്ധം പുതിയ തലങ്ങളിലേക്ക്. ലബനനിലും ഇസ്രയേലിലും കനത്ത പ്രത്യാക്രമണം. ഗൾഫ് മേഖലയിൽ ജാഗ്രത.

   **War reaches new dimensions in West Asia; Heavy retaliation continues in Lebanon and Israel; Alert in gulf region.**

4. തപാൽ സഹകരണം സംബന്ധിച്ച ധാരണാപത്രത്തിൽ ഇന്ത്യയും ഭൂട്ടാനും ഒപ്പുവച്ചു.

   **India and Bhutan sign Memorandum of understanding regarding Postal Cooperation.**

5. **കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിലേക്കുള്ള നാമനിർദ്ദേശ പത്രികാ സമർപ്പണം പുരോഗമിക്കുന്നു. പത്രികാ സമർപ്പണത്തിനുള്ള അവസാന ദിവസം മറ്റന്നാൾ.**

   **Filing of nominations for Assembly Elections in Kerala progresses; Deadline for Submission ends day after Tomorrow.**

6. **ഐ എസ് എൽ ഫുട്ബോളിൽ ഇ ന്ന് കേരള ബ്ലാസ്റ്റേഴ്സ്, പഞ്ചാബ് എഫ്.സി-യെ നേരിടും.**

   **Kerala Blasters face Punjab FC in ISL Football today.**

*************************************

## VP- MAHARASHTRA (INTRO)

രാജ്യത്തിന്റെ വളർച്ചയെ നിർണ്ണയിക്കുന്നത് യുവാക്കളുടെ ശക്തിയും ഊർജ്ജവുമാണെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. ഇന്ന് ഇന്ത്യയുടെ ഏറ്റവും വലിയ ശക്തി യുവജനങ്ങളാണെന്നും ഉപരാഷ്ട്രപതി പറഞ്ഞു. മഹാരാഷ്ട്രയിലെ നാഗ്പൂരിൽ 29-ാമത് ഇന്ത്യൻ യൂത്ത് പാർലമെന്റ് ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(വോയ്സ്)

മുംബൈയിൽ, രത്തൻ ടാറ്റ മഹാരാഷ്ട്ര സ്റ്റേറ്റ് സ്കിൽസ് സർവ്വകലാശാലയിലെ ബിരുദ ദാന ചടങ്ങിലും 64-ാമത് ജൈന ദീക്ഷാ ചടങ്ങിലും ശ്രീ സി പി രാധാകൃഷ്ണൻ പങ്കെടുക്കും. രണ്ട് ദിവസത്തെ മഹാരാഷ്ട്ര സന്ദർശനത്തിനായി ഇന്ന് രാവിലെ നാഗ്പൂരിലെത്തിയ ഉപരാഷ്ട്രപതിക്ക് ഗവർണർ ജിഷ്ണു ദേവ് വർമ്മയുടെ നേതൃത്വത്തിൽ ഊഷ്മള സ്വീകരണമാണ് നൽകിയത്.

*************************************

## INCOME TAX RULES 2026

ആദായനികുതി നിയമം 2026 നുള്ള വിജ്ഞാപനം പുറത്തിറക്കി കേന്ദ്ര സർക്കാർ. നികുതി നടപടിക്രമങ്ങൾ ലളിതമാക്കുന്നത് ലക്ഷ്യമിട്ടുള്ള നിയമങ്ങൾ അടുത്ത മാസം ഒന്ന് മുതൽ പ്രാബല്യത്തിൽ വരും. നികുതി സംവിധാനത്തിലുടനീളം സുതാര്യത, ഡിജിറ്റൈസേഷൻ, ഡാറ്റ റിപ്പോർട്ടിംഗ് സംവിധാനങ്ങൾ എന്നിവ ശക്തിപ്പെടുത്താനും ചട്ടക്കൂട് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കൂടാതെ പുതിയ നിയമം അനുസരിച്ച് കമ്പനികൾ ഇന്ത്യയ്ക്കുള്ളിൽ മാത്രം ഓഹരി രേഖകൾ സൂക്ഷിക്കുകയും, പൊതുയോഗങ്ങൾ നടത്തുകയും, ലാഭവിഹിതം വിതരണം ചെയ്യുകയും വേണം. ഡിവിഡന്റ് പേയ്മെന്റുകളിൽ ശക്തമായ ആഭ്യന്തര നിയന്ത്രണം ഉറപ്പാക്കുകയാണ് ലക്ഷ്യം. സ്റ്റോക്ക് എക്സ്ചേഞ്ചുകൾക്കുള്ള നിയന്ത്രണങ്ങളും ചട്ടം കർശനമാക്കുന്നു.

**************************************************

## WAR – WEST ASIA

പശ്ചിമേഷ്യൻ മേഖലയിൽ യുദ്ധം പുതിയ തലങ്ങളിലേക്ക് വ്യാപിക്കുന്നു. ഹിസ്ബുള്ളയെ ലക്ഷ്യമിട്ട് ഇസ്രായേൽ ലബനനിൽ വ്യോമാക്രമണം ശക്തമാക്കിയപ്പോൾ, ഇറാന്റെ ഭാഗത്തുനിന്നുണ്ടായ പുതിയ നീക്കങ്ങൾ ആഗോളതലത്തിൽ ആശങ്ക വർദ്ധിപ്പിക്കുകയാണ്. അതേസമയം, ഇസ്രായേലിന്റെ മധ്യമേഖലകളിൽ ഹിസ്ബുള്ളയുടെ മിസൈൽ ആക്രമണത്തെത്തുടർന്ന് അപായ സൂചന മുഴങ്ങി. ജറുസലേമിലെ പഴയ നഗരത്തിന് സമീപം മിസൈലുകളുടെ അവശിഷ്ടങ്ങൾ പതിച്ചതായും റിപ്പോർട്ടുകളുണ്ട്. അതിനിടെ, അമേരിക്കൻ താവളങ്ങളുള്ള ഗൾഫ് രാജ്യങ്ങളെ ആക്രമിക്കുന്നതിനെ ഇറാൻ ന്യായീകരിച്ചു. യു.എ.ഇയിലെ റാസൽഖൈമ, ദുബായ് എന്നിവിടങ്ങളിൽ നിന്നാണ് ആക്രമണങ്ങൾ ആസൂത്രണം ചെയ്യുന്നതെന്ന് ആരോപിച്ച ഇറാൻ, ഈ പ്രദേശങ്ങൾക്കെതിരെ മുന്നറിയിപ്പും നൽകിയിട്ടുണ്ട്. ഇറാന്റെ ഭീഷണികൾക്ക് പിന്നാലെ യു.എ.ഇയിൽ ജാഗ്രത ശക്തമാക്കി.

**************************************************

## MEA FACT CHECK

ഇന്ത്യയുടെ പശ്ചിമ മേഖലയിൽ നിന്ന് ഇറാനെതിരെ ബോംബ് ആക്രമണം നടത്താനുള്ള സഹായം ചെയ്യാൻ ഇന്ത്യയോട് അമേരിക്ക ആവശ്യപ്പെട്ടെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്തകൾ നിഷേധിച്ച് വിദേശകാര്യ മന്ത്രാലയം. ഇത്തരം അടിസ്ഥാനരഹിതമായ അവകാശവാദങ്ങൾക്കെതിരെ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മന്ത്രാലയത്തിന്റെ വസ്തുതാ പരിശോധനാ യൂണിറ്റ് അഭ്യർത്ഥിച്ചു.

****************************************

## FERTILIZERS-IMPORT

ഇറക്കുമതി വർദ്ധിപ്പിച്ചുകൊണ്ട്, രാജ്യത്ത് രാസവളത്തിന്റെ സമയബന്ധിതമായ ലഭ്യത ഉറപ്പാക്കിയതായി രാസവള മന്ത്രാലയം. ഇതിലൂടെ വളങ്ങളുടെ ആവശ്യകതയും തദ്ദേശീയ ഉൽപാദനവും തമ്മിലുള്ള അന്തരം നികത്തുവാൻ സാധിക്കുമെന്നും മന്ത്രാലയം അറിയിച്ചു. ഈ സാമ്പത്തിക വർഷത്തിൽ ഇറക്കുമതിയിൽ ഗണ്യമായ വർധനവുണ്ടായതായും യൂറിയ ഇറക്കുമതി 48.70 ലക്ഷം ടണ്ണിൽ നിന്ന് 89.30 ലക്ഷം ടണ്ണായി കുത്തനെ ഉയർന്നുവെന്നും മന്ത്രാലയം ചൂണ്ടിക്കാട്ടി.

****************************************

## INDIA BHUTAN-MOU

തപാൽ സഹകരണം സംബന്ധിച്ച ധാരണാപത്രത്തിൽ ഇന്ത്യയും ഭൂട്ടാനും ഒപ്പുവച്ചു. തപാൽ പ്രവർത്തനങ്ങൾ, സാങ്കേതിക വികസനം, ശേഷി വർദ്ധിപ്പിക്കൽ, വിജ്ഞാന കൈമാറ്റം തുടങ്ങിയ മേഖലകളിൽ സഹകരണം പ്രോത്സാഹിപ്പിക്കുകയാണ് ധാരണാപത്രത്തിന്റെ ലക്ഷ്യം. തപാലുമായി ബന്ധപ്പെട്ട്, സാങ്കേതികമേഖലയിലെ പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കാനും ഇരു രാജ്യങ്ങൾ തമ്മിൽ ധാരണയായി.

****************************************

## RRU SSB-MOU

ദേശീയ സുരക്ഷാ മികവ് ലക്ഷ്യം വച്ച്, രാഷ്ട്രീയ രക്ഷാ സർവകലാശാലയും സശസ്ത്ര സീമ ബൽ അക്കാദമിയും ചേർന്ന് ധാരണാപത്രത്തിൽ ഒപ്പുവച്ചു. ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട അക്കാദമിക് ഗവേഷണത്തിനും അതിർത്തി കാവൽ സേനകളുടെ അടിസ്ഥാനപരമായ ആവശ്യകതകളുടെ കുറവുകൾ പരിഹരിക്കുകയുമാണ്, ഈ സഹകരണത്തിന്റെ ലക്ഷ്യമെന്നു ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

**************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

**************************************

## ELECTION KERALA

കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രിക സമർപ്പണം മറ്റന്നാൾ അവസാനിക്കും. പത്രിക സമർപ്പണത്തിന് രണ്ട് പ്രവൃത്തി ദിനം മാത്രം ബാക്കി നിൽക്കെ 140 നിയമസഭാ മണ്ഡലങ്ങളിലും സ്ഥാനാർത്ഥികൾ പത്രിക സമർപ്പണത്തിന്റെ തിരക്കിലാണ്. അതാത് റിട്ടേണിംഗ് ഓഫീസർക്ക് മുമ്പാകെ പകൽ 11 മുതൽ മൂന്ന് മണിവരെയാണ് പത്രിക സ്വീകരിക്കുന്ന സമയം.

**************************************

## EC- EVM- VVPATs

അടുത്ത മാസം ഒൻപതിന് വോട്ടെടുപ്പ് നടക്കുന്ന കേരളം, പുതുച്ചേരി, അസം എന്നിവിടങ്ങളിൽ ഇവിഎം-വിവിപാറ്റുകളുടെ ആദ്യ ഘട്ട റാൻഡമൈസേഷൻ തിരഞ്ഞെടുപ്പ് കമ്മീഷൻ പൂർത്തിയാക്കി. ഇതോടൊപ്പം ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ഗോവ,

കർണാടക, നാഗാലാൻഡ്, ത്രിപുര എന്നിവിടങ്ങളിലും റാൻഡമൈസേഷൻ പ്രക്രിയ പൂർത്തിയായതായി കമ്മീഷൻ അറിയിച്ചു. ഇവിഎമ്മുകളും വിവിപാറ്റുകളും രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ സാന്നിധ്യത്തിൽ സ്ട്രോംഗ് റൂമുകളിലേക്ക് മാറ്റും.

****************************************

## FOREST DAY

ഇന്ന് അന്താരാഷ്ട്ര വനദിനം. "വനങ്ങളും സമ്പദ്‌വ്യവസ്ഥയും" എന്നതാണ് ഈ വർഷത്തെ വനാദിനാചരണത്തിന്റെ പ്രമേയം. സാമ്പത്തിക അഭിവൃദ്ധി കൈവരിക്കുന്നതിലും, ജനങ്ങൾക്ക് സുസ്ഥിരമായ ഉപജീവനമാർഗ്ഗം നൽകുന്നതിലും, ഹരിതാഭവും സുസ്ഥിരവുമായ ഭാവിയെ പിന്തുണയ്ക്കുന്നതിലും വനങ്ങൾ വഹിക്കുന്ന പ്രധാന പങ്ക് ഈ പ്രമേയം എടുത്തുകാണിക്കുന്നു.

****************************************

## NBA – EXPERT COMMITTEE (INTRO)

രാജ്യത്തുടനീളം അധിനിവേശ സസ്യങ്ങളും ജീവികളും ഉയർത്തുന്ന വർധിച്ചുവരുന്ന പാരിസ്ഥിതിക, സാമൂഹിക-സാമ്പത്തിക ഭീഷണികൾ നേരിടുന്നതിനായി ദേശീയ ജൈവവൈവിധ്യ അതോറിറ്റി, വിദഗ്ധ സമിതി രൂപീകരിച്ചു. പ്രാദേശിക ജൈവവൈവിധ്യം, പ്രധാന ആവാസവ്യവസ്ഥകൾ, കൃഷി, ഭക്ഷ്യസുരക്ഷ, മനുഷ്യരുടെയും വന്യജീവികളുടെയും ആരോഗ്യം എന്നിവയ്ക്ക് അധിനിവേശ വർഗങ്ങൾ ഗുരുതരമായ ഭീഷണിയാണെന്ന് ദേശീയ ഹരിത ട്രിബ്യൂണൽ വ്യക്തമാക്കി. ഒരു റിപ്പോർട്ട്......

(വോയ്സ്)

## NBA – EXPERT COMMITTEE (V.O)

ഓരോ സംസ്ഥാനങ്ങളിൽ നിന്നുമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ അധിനിവേശ വർഗങ്ങളുടെ ഏകീകൃത ദേശീയ പട്ടിക തയ്യാറാക്കാൻ സമിതിയെ ചുമതലപ്പെടുത്തിയതായി

പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അറിയിച്ചു. ഉയർന്ന അപകടസാധ്യതയുള്ള വർഗങ്ങളെ തിരിച്ചറിയുകയും മുൻഗണനാക്രമം നിശ്ചയിക്കുകയും ചെയ്യുക, ശാസ്ത്രീയമായ മാനേജ്മെന്റ് തന്ത്രങ്ങൾ ശുപാർശ ചെയ്യുക, ആവാസ വ്യവസ്ഥയുടെ പുനഃസ്ഥാപനത്തിനുള്ള നടപടികൾ നിർദ്ദേശിക്കുക, ഇവയുടെ നിയന്ത്രണത്തിനും ഉന്മൂലനത്തിനുമായി ദേശീയ തലത്തിലുള്ള മാർഗനിർദ്ദേശങ്ങൾ തയ്യാറാക്കുക എന്നിവയാണ് സമിതിയുടെ പ്രധാന ചുമതലകൾ. കൂടാതെ, മികച്ച മാതൃകകൾ രേഖപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുക, ദീർഘകാലാടിസ്ഥാനത്തിലുള്ള നയരൂപീകരണത്തിനായി ഗവേഷണ പരിപാടികൾ നിർദ്ദേശിക്കുക എന്നിവയും സമിതിയുടെ ലക്ഷ്യങ്ങളാണ്. രണ്ടു വർഷമാണ് സമിതിയുടെ കാലാവധി. **ന്യൂസ് ഡസ്ക്, ആകാശവാണി.....**

****************************************************

## ISL FOOTBALL

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, പഞ്ചാബ് എഫ് .സി-യെ നേരിടും. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി 7.30 ന് കളി ആരംഭിക്കും. തുടർച്ചയായ നാല് തോൽവികൾക്കുശേഷം കഴിഞ്ഞ മത്സരത്തിൽ ഈസ്റ്റ് ബംഗാളിനെതിരെ കേരള ബ്ലാസ്റ്റേഴ്സ് സമനില നേടിയിരുന്നു.

****************************************************

## SQUASH

ഇന്ത്യൻ ഓപ്പൺ സ്ക്വാഷ് മത്സരത്തിൽ ഇന്ത്യയുടെ അനാഹത് സിംഗ്, തൻവി ഖന്ന, അഭയ് സിംഗ്, വീർ ചോട്രാണി എന്നിവർ സെമിഫൈനലിൽ പ്രവേശിച്ചു. ഇന്ന് നടക്കുന്ന, സെമിഫൈനലിൽ അനാഹതും തൻവിയും തമ്മിലുള്ള പോരാട്ടം നടക്കും. ഇന്ത്യൻ താരങ്ങളായ അഭയ് സിംഗ്, മലേഷ്യയുടെ അമീഷെൻരാജിനേയും, ചോട്രാണി മലേഷ്യയുടെതന്നെ സഞ്ജയ് ജീവയെയും സെമിഫൈനലിൽ നേരിടും.

****************************************************

## VANDANA DAS CASE

ഡോക്ടർ വന്ദനദാസ് വധക്കേസിൽ പ്രതി സന്ദീപിന് ജീവപര്യന്തം തടവുശിക്ഷ. മറ്റ് വിവിധ കുറ്റങ്ങൾക്കായി 30 വർഷം തടവ് ശിക്ഷയും കോടതി വിധിച്ചു. അതിനുശേഷം കൊലക്കുറ്റത്തിനുള്ള ജീവപര്യന്തം തടവ് ആരംഭിക്കും. പ്രതിക്ക് കടുത്ത ശിക്ഷ വാങ്ങിനൽകുന്നതിനായി നിയമപോരാട്ടം തുടരുമെന്നും, ഹൈക്കോടതിയിൽ അപ്പീൽ നൽകുമെന്നും വന്ദനയുടെ മാതാപിതാക്കൾ പ്രതികരിച്ചു.

****************************************************

## EID-UL-FITR

കേരളമൊഴികെയുള്ള ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഇന്ന് ഈദ് ഉൾ ഫിത്തർ ആഘോഷിക്കുന്നു. രാഷ്ട്രപതി , ഉപരാഷ്ട്രപതി , പ്രധാനമന്ത്രി തുടങ്ങിയവർ രാജ്യത്തെ ജനങ്ങൾക്ക് ആശംസകൾ നേർന്നു. ആത്മസംയമനം, സേവനം, ദാനധർമ്മം എന്നിവയുടെ പാഠങ്ങളാണ് ഈദ് നമ്മെ പഠിപ്പിക്കുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. പ്രത്യാശ, ഐക്യം, അനുകമ്പ എന്നിവയുടെ ഈ അവസരത്തിൽ സമൂഹത്തെയും രാജ്യത്തെയും ശക്തിപ്പെടുത്താമെന്ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ പ്രത്യാശിച്ചു. സാഹോദര്യവും ദയയും ശക്തിപ്പെടുത്താൻ ഈദ് ആഘോഷത്തിലൂടെ സാധിക്കട്ടെയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസിച്ചു. രാഷ്ട്രപതി , ഉപരാഷ്ട്രപതി , പ്രധാനമന്ത്രി തുടങ്ങിയവർ ജനങ്ങൾക്ക്, പാഴ്സി പുതുവത്സരമായ നവ്റോസിന്റെ ആശംസകളും അറിയിച്ചു.

****************************************************

## CLIMATE - KERALA

കേരളത്തിൽ വിവിധ ജില്ലകളിൽ ഇന്നും നാളെയും താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കൊല്ലം, കോട്ടയം, പാലക്കാട് ജില്ലകളിൽ ഉയർന്ന താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുള്ളതിനാൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

************************************************************************************************
************************************************